# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2654** **18.08.2017 ൽ മറുപടിക്ക്**

## വടക്കാഞ്ചേരി സർക്കാർ ഓഫീസ് കെട്ടിട സമുച്ചയത്തിൽ നഗരസഭാ ഓഫീസിന് സ്ഥലം

| **ചോദ്യം**<br>**ശ്രീ.അനിൽ അക്കര** | **ഉത്തരം**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി സർക്കാർ ഓഫീസ് കെട്ടിട സമുച്ചയത്തിനകത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് അനുവദിച്ച സ്ഥലമോ അല്ലെങ്കിൽ ഇതേ കെട്ടിടത്തിനകത്ത് മറ്റേതെങ്കിലും സ്ഥലമോ വടക്കാഞ്ചേരി നഗരസഭാ ഓഫീസിന് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി സർക്കാർ ഓഫീസ് കെട്ടിട സമുച്ചയത്തിനകത്ത് രണ്ടാം നിലയിൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഫുഡ് ഇൻസ്പെക്ടറുടെ കാര്യാലയം എന്നീ ഓഫീസുകൾക്ക് അനുവദിച്ചിരുന്ന ഓഫീസ് മുറികൾ താൽക്കാലികമായി വടക്കാഞ്ചേരി നഗരസഭാ കാര്യാലയം പ്രവർത്തിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കേണ്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് മറ്റെവിടെയെങ്കിലും സ്ഥലം അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ബി) ഈ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കേണ്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് വടക്കാഞ്ചേരി ഓട്ടുപാറ ബസ് സ്റ്റാൻഡിനടുത്ത് വടക്കാഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ഒന്നാം നിലയിൽ മുറി അനുവദിച്ചിട്ടുണ്ട്. |

Anadan

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ :- ഡോ. എ കൗശിഗൻ IAS)

വിഷയം- വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിൽ വടക്കാഞ്ചേരി നഗരസഭാ കാര്യാലയം പ്രവർത്തിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി സ്ഥലം അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

പരാമർശം – 1) ഈ ഓഫീസിലെ 30/01/2016 ലെ എ 11/ 1417/ 2014 നമ്പർ ഉത്തരവ്

2) ബഹു ആലത്തൂർ എം പി ശ്രീ പി കെ ബിജു അവർകളുടെ അദ്ധ്യക്ഷതയിൽ 10/05/2017 ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ

3) തലപ്പിള്ളി തഹസിൽദാരുടെ 01/11/2016 ലെ എ 5/ 27646/ 2015 (1) നമ്പർ റിപ്പോർട്ട്

## ഉത്തരവ് നമ്പർ - സി 9/ 1417 / 2014

വടക്കാഞ്ചേരി നഗരസഭ രൂപീകരിച്ച് ഏതാണ്ട് ഒന്നരവർഷം കഴിഞ്ഞിട്ടും നഗരസഭ പ്രവർത്തിക്കുന്നതിന് ആവശ്യമായ രീതിയിൽ സ്ഥലം ലഭ്യമായിട്ടില്ലെന്നും നിലവിലുള്ള ഓഫീസ് കെട്ടിടത്തിൽ മീറ്റിംഗ് ചേരുന്നതിനോ ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനോ ജീവനക്കാർക്കെല്ലാം ഓഫീസ് ജോലികൾ നിർവ്വഹിക്കുന്നതിനോ സ്ഥലമില്ലെന്നും ഈ സാഹചര്യത്തിൽ വടക്കാഞ്ചേരി മുൻസിപ്പൽ ഓഫീസ് സുഗമമായി പ്രവർത്തിക്കുന്നതിന വേണ്ട സ്ഥല സൗകര്യം ഒരുക്കുന്നതിന് വേണ്ട നടപടികളും തീരുമാനങ്ങളും കൈക്കൊള്ളുമെന്ന് വടക്കാഞ്ചേരി നഗരസഭ അധികൃതർ അപേക്ഷിച്ചിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ മുൻസിപ്പൽ ഓഫീസ് പ്രവർത്തിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്ന കാര്യത്തിൽ പരാമർശം 2 പ്രകാരം യോഗം ചേർന്ന് തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിൽ രണ്ടാം നിലയിൽ 2, 4, 5, 6, 7 നമ്പർ റൂമുകളിലായി 195.10 ചതുരശ്രമീറ്റർ സ്ഥലം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തിക്കുന്നതിനും 1 -ാം നമ്പർ മുറിയിൽ 56.49 ചതുരശ്രമീറ്റർ സ്ഥലം ഫുഡ് ഇൻസ്പെക്ടറുടെ കാര്യാലയം പ്രവർത്തിക്കുന്നതിനും അനുവദിച്ചു കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് നൽകിയിരുന്നു. ആയതിൽ ഫുഡ് ഇൻസ്പെക്ടർ ഓഫീസ് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിലേക്ക് മാറുന്നതിന് സാധ്യതയില്ലാത്തതാണെന്നും പരാമർശം 3 പ്രകാരം തലപ്പിള്ളി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അനുയോജ്യമായ സ്ഥലം കണ്ടെത്തി നഗരസഭാ സമുച്ചയം പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും രണ്ട് വർഷ കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അതുവരെ പ്രവർത്തിക്കുന്നതിനായാണ് സ്ഥലം ആവശ്യപ്പെടുന്നതെന്നും നിലവിൽ വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിൽ രണ്ടാംനിലയിൽ സ്ഥലം അനുവദിച്ചിട്ടുള്ള ടൗൺ എംപ്ലോയ്മെന്റ് ഓഫീസ് പ്രവർത്തിക്കുന്നതിനായി ഓട്ടുപാറ ബസ് സ്റ്റാന്റിനടുത്ത് മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കോംപ്ലക്സിൽ അതേ വിസ്തീർണത്തിൽ വാടകയില്ലാതെ സ്ഥലം അനുവദിക്കുന്നതിനും ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യം ഒരാഴ്ചക്കുള്ളിൽ സൗജന്യമായി ഒരുക്കി നൽകുന്നതിനും നഗരസഭ തയ്യാറാണെന്നും വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിൽ രണ്ടാംനിലയിൽ സ്ഥലം അനുവദിച്ചിട്ടുള്ള ഫുഡ് ഇൻസ്പെക്ടറുടെ കാര്യാലയം നിലവിൽ മറ്റൊരു സ്ഥലത്താണ് പ്രവർത്തിക്കുന്നതെന്നതിനാൽ മേൽ ക്രമീകരണം നടത്തുന്നതു വഴി

നഗരസഭയുടെ പ്രവർത്തനത്തിനായി വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിന്റെ രണ്ടാം നില പൂർണമായും ഉപയോഗിക്കുവാൻ സാധിക്കുമെന്നും വടക്കാഞ്ചേരി നഗരസഭ അധികൃതർ അറിയിച്ചിട്ടുള്ളതാണ്.

ബഹു ആലത്തൂർ എം പി ശ്രീ പി കെ ബിജു അവർകളുടെ അദ്ധ്യക്ഷതയിൽ വടക്കാഞ്ചേരി നഗര സഭാ അധികൃതർ, തലപ്പിള്ളി തഹസിൽദാർ, ജില്ലാ എംപ്ലോയ് മെന്റ് ഓഫീസർ (ഇൻ ചാർജ്ജ്) എന്നിവർ പങ്കെടുത്ത 10/05/2017 ലെ യോഗത്തിൽ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയും വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിൽ വടക്കാഞ്ചേരി മുനിസിപ്പൽ കാര്യാലയം പ്രവർത്തിക്കുന്നതിനായി നിബന്ധനകൾക്കു വിധേയമായി അനുമതി നൽകുന്നതിന് ഈ ഓഫീസിനെ ചുമതലപ്പെടുത്തിക്കൊണ്ട് തീരുമാനമെടുക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ പൊതു താല്പ്പര്യം കണക്കിലെടുത്ത്, പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് ഇക്കാര്യത്തിൽ താഴെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

1. വടക്കാഞ്ചേരി ഓട്ടുപാറ ബസ് സ്റ്റാന്റിനടുത്ത് വടക്കാഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ഒന്നാം നിലയിൽ 195.10 ചതുരശ്രമീറ്റർ വിസ്തീർണം വരുന്ന സ്ഥലം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തിക്കുന്നതിനായി വടക്കാഞ്ചേരി നഗരസഭാ അധികൃതർ അനുവദിക്കേണ്ടതാണ്. പ്രസ്തുത സ്ഥലത്തിന് വാടക ഈടാക്കുവാൻ പാടുള്ളതല്ല. പ്രസ്തുത സ്ഥലത്ത് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തിക്കുന്നതിനാവശ്യമായ രീതിയിൽ ഫർണിഷിംഗ് സൗജന്യമായി വടക്കാഞ്ചേരി നഗരസഭാ അധികൃതർ അടിയന്തിരമായി ചെയ്തു നൽകേണ്ടതാണ്.
2. പരാമർശം 1 ലെ ഉത്തരവ് പ്രകാരം വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിൽ രണ്ടാം നിലയിൽ 2, 4, 5, 6, 7 നമ്പർ റൂമുകളിലായി 195.10 ചതുരശ്രമീറ്റർ സ്ഥലം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തിക്കുന്നതിനായി അനുവദിച്ചിരുന്നതും 1 -ാം നമ്പർ മുറിയിൽ 56.49 ചതുരശ്രമീറ്റർ സ്ഥലം ഫുഡ് ഇൻസ്പെക്ടറുടെ കാര്യാലയം പ്രവർത്തിക്കുന്നതിനായി അനുവദിച്ചിരുന്നതും ആവശ്യമായ ഭേദഗതി ചെയ്ത് പ്രസ്തുത മുറികൾ വടക്കാഞ്ചേരി നഗരസഭാ കാര്യാലയം പ്രവർത്തിക്കുന്നതിനായി ഇതിനാൽ താൽക്കാലികമായി അനുവദിക്കുന്നു. കൂടാതെ മൂന്നാം നിലയിൽ ഷീറ്റ് മേഞ്ഞ സ്ഥലം നഗരസഭയുടെ ആവശ്യത്തിലേക്കും എക്സൈസ് വകുപ്പ് അധികൃതർ പിടിച്ചെടുക്കുന്ന മുതലുകൾ സൂക്ഷിക്കുന്നതിനായും ഉപയോഗപ്പെടുത്താവുന്നതാണ്.
3. വടക്കാഞ്ചേരിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഒരു കരിയർ ഡെവലപ്പ്മെന്റ് കേന്ദ്രം തുടങ്ങുന്നതിനായി സ്ഥലം അടിയന്തിരമായി വടക്കാഞ്ചേരി നഗരസഭ അധികൃതർ അനുവദിക്കേണ്ടതാണ്.
4. വടക്കാഞ്ചേരി നഗരസഭാ കാര്യാലയം പ്രവർത്തിക്കുന്നതിനായി, അടിയന്തിരമായി സ്ഥലം കണ്ടെത്തി പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് പ്രവർത്തനം രണ്ടു വർഷത്തിനുള്ളിൽ പ്രസ്തുത സ്ഥലത്തേക്ക് മാറ്റുന്നതിനു വേണ്ട ക്രിയാത്മക നടപടികൾ വടക്കാഞ്ചേരി നഗരസഭാ അധികൃതർ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം നഗരസഭാ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറുന്നയുടൻ വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിൽ രണ്ടാം നിലയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 2, 4, 5, 6, 7 നമ്പർ മുറികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തനത്തിനായി തിരികെ ഉപയോഗപ്പെടുത്താവുന്നതാണ്. ഒന്നാം നമ്പർ മുറി ഫുഡ് സേഫ്റ്റി ഓഫീസ് പ്രവർത്തനത്തിനുതന്നെ തിരിച്ച് നൽകേണ്ടതാണ്.
5. മേൽ തീരുമാനങ്ങൾ ഉൾപ്പെടുത്തി വടക്കാഞ്ചേരി നഗരസഭാ അധികൃതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അധികൃതരും തമ്മിൽ ഒരു ഉടമ്പടിയിൽ ഏർപ്പെടുന്നതിനു വേണ്ട നടപടികൾ

സ്വീകരിക്കേണ്ടതാണ്.

6. മിനി സിവിൽ സ്റ്റേഷൻ, ഓഫീസ് കോംപ്ലക്സ് എന്നിവയിലെ പൊതു ഇടങ്ങൾ വൃത്തിയായും ശുചിയായും സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ അതാത് [illegible] തഹസിൽദാർ സ്വീകരിക്കേണ്ടതാണ്. മതിയായ രീതിയിൽ സ്വീപ്പർമാരെ നിയോഗിച്ച് ആയത് ഫലപ്രദമായി നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യം ആഴ്ച തോറും പരിശോധന നടത്തി ഇക്കാര്യം ഉറപ്പു വരുത്തേണ്ടതാണ്.
7. വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിന്റെ താഴത്തെ നിലയിൽ കോണിച്ചുവട്ടിലും മറ്റും എക്സൈസ് അധികൃതർ പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിച്ചിരിക്കുന്നത് എടുത്ത് മാറ്റി ആയത് മൂന്നാം നിലയിൽ ഷീറ്റ് മേഞ്ഞ സ്ഥലത്ത് സുരക്ഷിതമായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത സ്ഥലം തീരുമാനം 2 ൽ സൂചിപ്പിച്ച പ്രകാരം നഗരസഭാ അധികൃതരും എക്സൈസ് അധികൃതരും പരമാവധി സഹകരിച്ച് ഉപയോഗപ്പെടുത്തേണ്ടതാണ്.
8. നഗരസഭാ കാര്യാലയം സ്വന്തം കെട്ടിടത്തിലേക്ക് മാറുന്നതു വരെ വടക്കാഞ്ചേരി ഓഫീസ് കോംപ്ലക്സിന്റെ രണ്ടാം നിലയിൽ നിലവിലുള്ള കോൺഫറൻസ് ഹാൾ ഉപയോഗിക്കുന്നതിനുള്ള പ്രാഥമികാധികാരം നഗരസഭക്കായിരിക്കും. മറ്റ് വകുപ്പുകളുടെ യോഗങ്ങളും കൂടി ഈ കോൺഫറൻസ് ഹാളിൽ നടത്താനുള്ള അവസരം നഗരസഭ നൽകേണ്ടതാണ്.

പരാമർശം 1. പ്രകാരമുള്ള ഉത്തരവിൽ സൂചിപ്പിച്ച എല്ലാ നിബന്ധനകളും ഈ ഉത്തരവിനും ബാധകമായിരിക്കും.

***(2017 -ാം ആണ്ട് ജൂലായ് മാസം 4 ന്)***

(ഒപ്പ്)
ജില്ലാ കളക്ടർ

സ്വീകർത്താവ്,

1. ചെയർപേഴ്സൺ, വടക്കാഞ്ചേരി മുൻസിപ്പാലിറ്റി
2. തഹസിൽദാർ, തലപ്പിള്ളി
3. എംപ്ലോയ്മെന്റ് ഓഫീസർ, വടക്കാഞ്ചേരി
4. ഫുഡ് ഇൻസ്പെക്ടർ, വടക്കാഞ്ചേരി
5. എക്സൈസ് ഇൻസ്പെക്ടർ, വടക്കാഞ്ചേരി റെയ്ഞ്ച്
6. സെക്രട്ടറി, വടക്കാഞ്ചേരി മുൻസിപ്പാലിറ്റി

പകർപ്പ് -

1. ബഹു ആലത്തൂർ എം പി യുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ, വടക്കാഞ്ചേരി
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം, തൃശ്ശൂർ
6. ജില്ലാ കളക്ടറുടെ സി എ
7. സി9 കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//
ജൂനിയർ സൂപ്രണ്ട്



Omadin
സെക്ഷൻ ഓഫീസർ